**നം. റ്റി1 –687 /2021/ജി.പി.എച്ച്.ടി.എസ്**

**ഗവ.പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ**
**തിരുവനന്തപുരം, തീയതി. 18/11/2022**
**ഫോൺ: 0471 –2479492**
**ഇമെയിൽ: phtstvpm@gmail.com**

**<u>സർക്കുലർ</u>**

വിഷയം : ജി.പി.എച്ച്.റ്റി.എസ്- ഡി.എച്ച്.ഐ.സി- വാർഷിക പൊതുപരീക്ഷ സെപ്റ്റംബർ 2022- റിസൾട്ട് പ്രസിദ്ധീകരിക്കുന്നത്, റീവാലുവേഷന് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സെപ്റ്റംബർ 2022-ൽ നടത്തിയ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ വാർഷിക പൊതുപരീക്ഷയുടെ പരീക്ഷാഫലം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു . **ടി റിസൾട്ടുകളിലെ തിയറിയ്ക്ക് 50 മാർക്കിൽ കുറവുള്ളവർക്ക് ആവശ്യമുള്ളപക്ഷം അതാത് സ്ഥാപനം മുഖേന റീവാലുവേഷന് അപേക്ഷ നൽകാവുന്നതാണ്. ഇതിനായി അപേക്ഷ നൽകുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന അപേക്ഷ ഫോം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച് വാങ്ങി സ്ഥാപനമേധാവി ആയത് സസൂക്ഷ്മം പരിശോധിച്ച് ഓരോ അപേക്ഷയും സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രം സ്ഥാപനത്തിന്റെ ആമുഖക്കത്തോടൊപ്പം അപേക്ഷകൾ ഒരുമിച്ച് ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ 26/11/2022-നുള്ളിൽ ലഭിക്കത്തക്കവിധം അതാത് സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.**

റീവാലുവേഷനുള്ള ഫീസ് പേപ്പറൊന്നിന് 150 രൂപ നിരക്കിൽ സെക്രട്ടറി പാരാമെഡിക്കൽ കൗൺസിലിന്റെ അക്കൗണ്ടിലേക്ക് (A/CNo.57036990991,IFSC: SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയതിനു ശേഷം , ആയതിന്റെ ഒറിജിനൽ കൗണ്ടർഫോയിലിൽ ജേണൽ നമ്പർ / ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയത് അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. **ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഫീസ് ഒടുക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

അതാത് സ്ഥാപന മേധാവി മുഖേന അല്ലാതെ ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ വിദ്യാർത്ഥികൾ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളോ , അപൂർണ്ണമായ അപേക്ഷകളോ, 26/11/2022-ന് ശേഷം ലഭ്യമാക്കുന്നതോ ആയ ഒരു റീവേല്യുവേഷൻ അപേക്ഷകളും സ്വീകരിക്കുന്നതല്ല.

**ഒപ്പ്/-**
**സ്റ്റേറ്റ് നോഡൽ ആഫീസർ, ഡി.എച്ച്.ഐ.സി**